കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാട്ടാക്കട ഗ്രാമപഞ്ചായത്ത് ഓണം കാർഷിക വിപണന മേളയ്ക്കായി നടപ്പിലാക്കിയ പ്രോജക്റ്റിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

---

**സ.ഉ.(സാധാ) നം.2237/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 11/10/2019

---

പരാമർശം:-1.കാട്ടാക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.7.2019ൽ നടന്ന അടിയന്തിര മീറ്റിംഗിലെ 2(2) നമ്പർ തീരുമാനം.

2.കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29/07/2019 ലെ A2-8500/18 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ 2019-20 വാർഷിക പദ്ധതിയിൽ അസിസ്റ്റൻറ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഓണം കാർഷിക വിപണന മേളയ്ക്കായി തനതു ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് നമ്പർ 235 ന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. 2018 മാർഗ്ഗരേഖ അനുസരിച്ച് ഉത്പാദനപരമല്ലാത്ത മേളകൾ ഏറ്റെടുക്കൽ അനുവദനീയമല്ല. എന്നാൽ, ഈ മേള കുടുംബശ്രീ സംരംഭകരുടെ ഉത്പാദനവും പ്രോത്സാഹനവും വിപണനവും സാധ്യമാക്കുന്നതായതിനാൽ ഈ പ്രോജക്റ്റ് നടപ്പാക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് പഞ്ചായത്ത് പ്രസിഡൻറ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാട്ടാക്കട ഗ്രാമപഞ്ചായത്ത് ഓണം കാർഷിക വിപണന മേളയ്ക്കായി നടപ്പിലാക്കിയ പ്രോജക്റ്റിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ നൽകുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡണ്ട് / സെക്രട്ടറി ,കാട്ടാക്കട ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ